(ഡി) തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ റിസോർട്ടുകൾക്ക് ബാധകമല്ലാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കുലറുകൾ ഒന്നുംതന്നെ മരവിപ്പിച്ചിട്ടില്ല.

(സി) തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അന്തസത്ത, വിജ്ഞാപനത്തെ അധികരിച്ച് തീരദേശമേഖലയിലെ പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതിന്റെ ആവശ്യകത, അപേക്ഷയോടൊപ്പം നൽകേണ്ട വിശദാംശങ്ങൾ, അപേക്ഷയുടെ രൂപം, നിലവിലുള്ള നിയമങ്ങളുടേയും ബഹു. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടേയും പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും, അത്തരം പ്രവർത്തനങ്ങൾക്കെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുക എന്നീ കാര്യങ്ങളാണ് സർക്കുലറിൽ പ്രതിപാദിക്കുന്നത്. (സർക്കുലറിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.)*

(ഡി) തീരദേശ പരിപാലന മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവക്കുന്നതിനുള്ള നിബന്ധനകളെക്കാൾ കർക്കശമായ നിബന്ധനകളാണ് റിസോർട്ട് നിർമ്മാണത്തിന് ബാധകമായിട്ടുള്ളത്. റിസോർട്ടുകൾക്ക് ഈ നിയമങ്ങൾ ബാധകമാകാത്ത പ്രശ്നം ഉദിക്കുന്നില്ല.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

149 (150) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനംമൂലം ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചു ; ഇതിൽ 2011 മേയ് മാസത്തിനു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ആശ്വാസം ലഭിച്ച മത്സ്യത്തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ ;

(സി) കടാശ്വാസ കമ്മീഷനിൽ അപേക്ഷ നൽകി കാത്തിരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള കമ്മീഷന്റെ കാലാവധി അവസാനിക്കുന്നതെപ്പോഴാണ് ; പുതിയ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കടബാധ്യത മൂലം ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക എന്നതാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തന ലക്ഷ്യം.

(ബി) കടാശ്വാസ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവന വായ്പ കടിശ്ശികയും 46804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ വഴി 31-12-2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി. വായ്പ കടിശ്ശികയും ചേർത്ത് 126,86,09,024 രൂപയുടെ ബാദ്ധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണമുക്തമാക്കിയിട്ടുണ്ട്. കൂടാതെ കമ്മീഷൻ കടാശ്വാസത്തിന് അർഹത കണ്ടെത്തി നാളിതുവരെ 6 ഘട്ടങ്ങളിലായി 66363 പേർക്ക് കടാശ്വാസം ശുപാർശ ചെയ്തിട്ടുമുണ്ട്. ഇതിൽ 2011 മെയ് മാസത്തിന്ശേഷം മത്സ്യഫെഡ് മുഖേന 218 മത്സ്യത്തൊഴിലാളികൾക്കും, സഹകരണ വകുപ്പ് മുഖേന 38,304 മത്സ്യ തൊഴിലാളികൾക്കും കടാശ്വാസം നൽകിയിട്ടുണ്ട്.

(സി) 31-6-2013 വരെ കടാശ്വാസത്തിനായി 1,29,606 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഇപ്പോഴത്തെ കമ്മീഷൻ നിലവിൽ വന്ന ശേഷം ശുപാർശ ചെയ്ത 39460 കടങ്ങൾ ഉൾപ്പെടെ നാളിതുവരെയായി 6 ഘട്ടങ്ങളിലായി 66363 വായ്പകളിന്മേൽ കടാശ്വാസം ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി) നിലവിലുള്ള കമ്മീഷന്റെ കാലാവധി 27-3-2015-ൽ അവസാനിക്കുന്നതാണ്. പുതിയ കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly